The Cochin Nambudiri Bill.

പ്രസിഡെണ്ട്.—ഇനി മിസ്റ്റർ ശങ്കരൻനമ്പൂതിരിയുടെ നമ്പൂതിരി ബിൽ ആണ്. ഈ ബില്ലിനു് 12 പേർ ഭേദഗതികൾ അയച്ചിട്ടുണ്ടു്. ഒന്നു് മിസ്റ്റർ ശങ്കരൻനമ്പൂതിരിതന്നെ. വേറൊന്നു മിസ്റ്റർ കുഞ്ഞുണ്ണിരാജാവിന്റെ ഭേദഗതി. മിസ്റ്റർ ഇക്കണ്ടവാരിയരും ഏതാനും ഭേദഗതികൾക്കായി നോട്ടീസു് കൊടുത്തിട്ടുണ്ടു്. ഇതു ഇടക്കിടക്കു എടുക്കണമൊ, ഒന്നു കഴിഞ്ഞ മറ്റൊന്നായി എടുക്കണമൊ എന്നാണു് മിസ്റ്റർ ശങ്കരൻനമ്പൂതിരിയിൽനിന്നും അറിയാനുള്ളതു്?

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—അതാതു സെക്ഷൻ വരുമ്പോൾ എടുത്താൽ മതിയായിരിക്കും.

പ്രസിഡെണ്ട്.—എന്നാൽ ആദ്യത്തെ ഭേദഗതി Clause 2 sub-division (f)-ൽ ആണു്. ആദ്യം സെക്ഷൻ വായിക്കണം. പിന്നെ ഭേദഗതി എങ്ങനെയാണു് വേണ്ടതെന്നുപറയാം.

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—നമ്പൂതിരി ബില്ലിൽ 2-ാം വകുപ്പു എഫ് എന്ന ഉപവിഭാഗത്തിൽ ഉള്ള 'വിവാഹച്ചിലവു' എന്നപദംമാറി 'സ്ത്രീധന ഉൾപ്പെടെയുള്ള കന്യകാദാനച്ചിലവു' എന്നാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

'വിവാഹച്ചിലവു' എന്നുപറയുമ്പോൾ സ്ത്രീയുടെയും പുരുഷന്റെയും വിവാഹച്ചിലവു ഉൾപ്പെടും. സ്ത്രീയുടെ ചിലവു പുരുഷന്റെ ചിലവിനെ അപേക്ഷിച്ചു വളരെ കൂടുതലാണു്. പുരുഷന്റെ വിവാഹത്തിനു വളരെ കുറച്ചുചിലവെ ആവശ്യമുള്ളു. അതു നിത്യച്ചിലവിൽ ഉൾപ്പെടും. മറ്റതു നിത്യചിലവിൽ ഉൾപ്പെടുത്താൻ സാധിക്കാത്തവിധം അത്ര അധികമാണു്. പുരുഷന്മാരുടെ വിവാഹച്ചിലവു ആദായംകൊണ്ടു നടക്കും. സ്ത്രീകളുടേതു അങ്ങനെ നടത്താൻ സാധിക്കുകയില്ല. അതിനാൽ സ്ത്രീകളുടെ വിവാഹച്ചിലവു നിത്യച്ചിലവിൽ ഉൾപ്പെടുത്താൻ പാടില്ലെന്നാണു് എന്റെ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. സഭ അതിനെ സ്വീകരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

Mr. C. A. Kunjunni Raja.—I second it.

മിസ്റ്റർ സി. അച്യുതമേനോൻ.—സ്ത്രീകളുടെ വിവാഹം ബ്രാഹ്മണരുടെ ഇടയിൽ നിർബന്ധമാണു്. പുരുഷന്മാരുടെ വിവാഹം ഒരു ഐച്ഛികം ആകുന്നു. ഇഷ്ടമുണ്ടെങ്കിൽ പുരുഷനു വിവാഹം ആവാം. അല്ലെങ്കിൽ വേണ്ട. ഇല്ലത്തേക്കു നിർബന്ധമായിട്ടുള്ള ചിലവുപോലും ഇല്ലത്തുനിന്നും നിർവഹിക്കാൻ പാടില്ലെന്നാണു ഈ ഭേദഗതിയുടെ അർത്ഥം.

പ്രസിഡെണ്ട്.—സ്ത്രീകളുടെ വിവാഹം നിർബന്ധം ആണു്. അതു നിത്യച്ചിലവിൽ പെടുകയില്ല. പുരുഷന്മാരുടെതു അതിൽ

LIBRARY ARCHIVES Kerala Legislative Assembly

പെട്ടംഎന്നാണ് പറയുന്നതു്. അപ്പോൾ സ്ത്രീകളുടെതു ഏതിൽ പെടും?

റാവു സാഹിബ്ബു മിസ്റ്റർ ടി. വി. കസ്തൂരി രങ്കഅയ്യർ.—അവരുടെ വിവാഹച്ചിലവു വേറെവല്ലതിലും പെടും.

മിസ്റ്റർ സി. അച്ചുതമേനോൻ.—നിത്യച്ചിലവിൽ വിവാഹച്ചിലവുപെടും എന്നതു അത്ഥമില്ലാത്തതാണു്. അതുകൊണ്ടു ഈ ഭേദഗതികൊണ്ടു മുഴുവനായും അനാവശ്യമാകുന്നു.

പ്രസിഡെണ്ടു്.—ഈ അമൻറുമെണ്ടിന്റെ ഉദ്ദേശം, ഇപ്പോഴത്തെനിലക്കു പുരുഷന്മാരുടെ വിവാഹച്ചിലവുനിത്യച്ചിലവിൽപെടുത്തിയിട്ടുണ്ടു. സ്ത്രീകളുടെതു അതിൽപെടുകയില്ല എന്നു കാണിക്കാനാകുന്ന അല്ലേ? എനിക്കു തീരിയായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

റാവു സാഹിബ്ബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കഅയ്യർ.—അങ്ങിനെ വരുമ്പോൾ പുരുഷന്മാരുടെ ചിലവു സജാതിയിലായാലും വിജാതിയിലായാലും നിത്യച്ചിലവിൽനിന്നും എടുത്തു കൊള്ളണം എന്നാണു്. ഇല്ലത്തുനിന്നും ചിലവാക്കുകയില്ല.

മിസ്റ്റർ സി. അച്ചുതമെനോൻ.—ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

മിസ്റ്റർ കെ. രാമൻമേനോൻ.—അങ്ങനെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വിവാഹച്ചിലവിനെ വ്യത്യാസപ്പെടുത്തിക്കാണിക്കേണ്ട ആവശ്യമില്ല. സാധാരണചിലവിൽ പുരുഷന്മാരുടെ വിവാഹച്ചിലവും ഉൾപ്പെടും എന്നവരുന്നതു അത്ഥമില്ലാത്തതാണു്. പുരുഷന്മാരുടെ വിവാഹച്ചിലവിനെ പ്രത്യേകം പറയാതെയും സ്ത്രീകളുടെതു പ്രത്യേകം പറയുകയും ചെയ്താൽ പുരുഷന്മാരുടെയും അതിൽപെടും എന്നു വരും. അതുകൊണ്ടു ഈ ഭേദഗതി ആവശ്യമില്ല.

റാവു സാഹിബ്ബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—പുരുഷന്മാർക്കു ചിലവില്ലാതെയും വിവാഹം കഴിക്കാം. സ്ത്രീകളുടെ കാര്യത്തിൽ അതു നടക്കുകയില്ല. ധാരാളം സ്വത്തുള്ള ഒരു കുടുംബത്തിലെ പുരുഷനായാലും ഇല്ലത്തുനിന്നും ചിലവു നടത്തിക്കുടാ എന്നാണു് ഇതുകൊണ്ടു വരുന്നതു്.

പ്രസിഡെണ്ടു്.—കുടികയറുക എന്ന ഏർപ്പാടിനു് ൫൦൦ രൂപാ ഉണ്ടായാലും കഴിച്ചുകൂട്ടാം. അതിലധികമായും മറ്റും വേണമെന്നു് ഒരാൾ പറയുന്നതായാൽ ഇല്ലെന്നാണു് പറയുന്നതു്. ഇല്ലത്തുനിന്നും പോരുകയാണു്. അകായിലമ്മയെ കൊണ്ടുവരികയാണു്. അതു് മുറുക്കത്തിൽ പോരാ. നാട്ടുകാരെ ഒക്കെ വിളിക്കണം. അതിനു് ക.ഫ ,൦൦൦ രൂപാ മതിയാകും. പെൺ കുടിയാൽ കൊടുക്കു് അതിനേക്കാൾ കൂടുതൽ വേണമെന്നു് എല്ലാവർക്കും അറിയാം. സ്ത്രീധനം കൊടുക്കണം. അല്ലാതെ ആവുകയില്ല. പുരു

LIBRARY ARCHIVES Kerala Legislative Assembly

ഷന്മാർക്ക് അങ്ങനെ ഒന്നും ചിലവില്ല. കൂടി കയറുന്നതിനു് ഫ ,000 രൂപാ ധാരാളംമതിയാകും.

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ.—സ്ത്രീകളുടെവിവാഹത്തെ പറ്റി ഫ ൈ-ാം വകുപ്പിൽ പറയുന്നുണ്ടു്. ചിലവു് ഇല്ലാത്തുനിന്നാണെന്നു് അതിൽനിന്നും വെളിവാകുന്നു.

പ്രസിഡെണ്ടു്.—ഫ ൈ-ാം വകുപ്പു് പുരുഷന്മാരുടെ വിവാഹ ചിലവിനെപറ്റി ഒന്നും പറയുന്നില്ല. അതു സ്ത്രീകളുടെവിവാഹചിലവിനെ മാത്രം പറ്റിയാണു്.

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ.—ആ വിവാഹച്ചിലവു് ഇല്ലാത്തുനിന്നും കിട്ടാൻ വേണ്ടിയാണു് ഈ ഭേദഗതി.

പ്രസിഡെണ്ടു്.—അതാണു് ഞാൻ ഒരു സംഗതിപറയുന്നതു്.

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ.—ഫ ൦ ,൦ ൦ ൦ -ൽ കുവിഞ്ഞ സ്ത്രീധനം കൊടുക്കുന്നവരും ഉണ്ടു്. ഇപ്പോഴത്തെ നടപ്പനുസരിച്ചു് സ്ത്രീയുടെ ചിലവു് ഇല്ലാത്തുനിന്നും വഹിക്കണം.

പ്രസിഡെണ്ടു്.—സ്ത്രീകളുടെ കാര്യത്തെപ്പറ്റി പറയുമ്പോൾ പുരുഷന്മാരുടേതും പറയണ്ടെ? അവർക്കു് ഇല്ലാത്തുനിന്നും ചിലവു കൊടുക്കയില്ലാ നിത്യച്ചിലവിൽ നിന്നും എടുത്തുകൊള്ളണം എന്നെങ്കിലും കാണിക്കണ്ടെ?

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ.—പുരുഷന്മാരുടെവിവാഹത്തെ സംബന്ധിച്ചിടത്തോളം ഇതിൽ ഒന്നും പറഞ്ഞിട്ടില്ല. സാധാരണ നടപ്പതന്നെഇല്ലംചിലവല്ല. ഇവിടെ സ്ത്രീകളുടേതു് മാത്രമെടുത്തുപറയുമ്പോൾ പുരുഷന്മാർക്കു് അങ്ങിനെ ഒരു അവകാശമില്ലെന്നും സിദ്ധിക്കും.

മിസ്റ്റർ സി. അച്യുതമേനോൻ.—സാധാരണ നടപ്പുകൊണ്ടു് നോക്കുകയാണെങ്കിൽ സ്ത്രീകളുടെ വിവാഹം ഇല്ലാത്തുനിന്നുതന്നെ. എന്നാൽ ആ ചിലവു് നിത്യച്ചിലവിൽ ചേർത്തിട്ടു ആവശ്യമില്ല.

പ്രസിഡെണ്ടു്.—ഒന്നും വേണ്ടെന്നു വയ്ക്കരുതേ?

സി. അച്യുതമേനോൻ.—വിവാഹകാര്യത്തിൽ സ്ത്രീകളുടെ വിവാഹച്ചിലവിനു് പ്രത്യേകം ഒരു വകുപ്പു് ചേർക്കേണ്ട ആവശ്യമില്ല. പുരുഷന്മാരുടെതിനെപറ്റി അങ്ങനെ വേണമെങ്കിൽ വിരോധമില്ല. സ്ത്രീകളുടെ വിവാഹം നിർബന്ധവും മറേറതു് ഐച്ഛികവും ആകുന്നു. അതുകൊണ്ടു ഈ ഭേദഗതി അനാവശ്യമാണു്.

പ്രസിഡെണ്ടു്.—സ്ത്രീകളുടെ കല്യാണച്ചിലവു് ബില്ലിന്റെ ഇപ്പോഴത്തെ നിലയ്ക്കു് നിത്യചിലവിൽ പെടുകയില്ല. അങ്ങനെ ഒരു നിയമനിർമ്മാണം വേണമെങ്കിൽ ആവാം. പക്ഷെ അതിന്റെ ആവശ്യം എത്രത്തോളം ഉണ്ടെന്നാണു നമുക്കു ഇപ്പോൾ ആലോചിക്കേണ്ടതു്. ചിലരും ഈ ഭേദഗതി വേണ്ടെന്നു പറയുന്നു. പിൻവലിക്കുന്നുവോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—സ്ത്രീയുടെ കല്യാണച്ചിലവും കുടുംബത്തിൽനിന്നും ആണെന്നു് ഫൊംവകുപ്പിൽ പറയുന്നുണ്ടു്. അതു് നിത്യച്ചിലവിൽ പെടുകയില്ലെന്നു വ്യക്തമാക്കാൻ വേണ്ടി മാത്രമാണു് ഈ ഭേദഗതി. അസ്സൽ വരവിൽ ഇതിനു നിത്യച്ചിലവിനു കൊടുക്കണമെന്നുണ്ടു്. പുരുഷന്മാരുടെ വിവാഹച്ചിലവും് അതിൽനിന്നും സാധിക്കാം. സ്ത്രീകളുടെ കാര്യം അങ്ങനെ അല്ല. വലിയസംഖ്യ വേണ്ടിവരും. അതു ആദായംകൊണ്ടു നടക്കുകയില്ല. അതാണു് സ്ത്രീകളുടെ വിവാഹച്ചിലവും് പ്രത്യേകം എടുത്തുപറയാനുള്ള കാരണം. അതിനാൽ ഭേദഗതി പിൻവലിക്കാൻ നിവൃത്തിയില്ല.

പ്രസിഡെണ്ടു്.— വേറെ വല്ല മെംബർമാരും ഇതിനെ പറ്റി സംസാരിക്കാൻ തയ്യാറുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—ഈ ഭേദഗതി അനുവദിക്കണമെന്നാണു് എന്റെ അഭിപ്രായം. ഇതു ചേർത്താലുള്ള വാചകത്തിന്റെ ഭംഗിയില്ലായ്കയെ പറ്റി ബഹുമാനപ്പെട്ട മുളകുന്നത്തുകാവു മെംബർ പറയുകയുണ്ടായി. ഭംഗി ഇല്ല തീച്ചയതന്നെ. പക്ഷേ ഒരു വാചകത്തിന്റെ സാധാരണ അർത്ഥവും നിയമാർത്ഥവും ഭേദപ്പെട്ടാണു് വരുന്നതെന്ന പരമാർത്ഥം മറക്കത്തക്കതല്ല. ഭംഗി നോക്കി നിയമവാചകം ഉണ്ടാക്കാൻ തുടങ്ങിയാൽ നാം വിചാരിക്കുന്ന അർത്ഥം കിട്ടാതെ പോകാനാണെളുപ്പം. അതിനാൽ ഈ ഭേദഗതി ചേർക്കുന്നതു നന്നായിരിക്കും. പഠിപ്പു നിത്യച്ചിലവിൽ പെടുത്തിയിട്ടുണ്ടു്. പഠിപ്പു കഴിഞ്ഞാൽ ഇഹലോകത്തിൽ അത്യാവശ്യമായി കരുതുന്നതു് വിവാഹമാണു്. അതിനാൽ പുരുഷന്മാരുടെ വിവാഹച്ചിലവു നിത്യച്ചിലവിലും സ്ത്രീകളുടെവിവാഹച്ചിലവു് അതിൽ പെടുത്താതെയും ആക്കാം. ഇല്ലച്ചിലവിൽപെടുത്തിയെന്നുവെച്ചു ൫,൦൦൦ രൂപ ചിലവാക്കാൻ മാത്രം രേഖയിയുള്ള ഒരു കുടുംബം ൧൦,൦൦൦ രൂപാ ചിലവാക്കാൻ ഇടനിയുമോ?

പ്രസിഡെണ്ടു്—സാധാരണയായി നാം ഈ അർത്ഥം മനസ്സിലാക്കിവരുന്നുണ്ടു്.

മിസ്റ്റർ കെ. അച്യുതമേനോൻ—നിത്യച്ചിലവിൽ പാഠപ്പിന്റെ ചിലവു് ചേർത്തിട്ടുണ്ടു്. ഒരുകാലത്തു് ചിലവു് എന്നുള്ളതു് വളരെ orthodox ആയിരുന്നു. മരുമക്കത്തായപ്രകാരം അന്നന്നത്തെ ചോറു മാത്രമായിരുന്നു ചിലവിൽ പെട്ടിരുന്നതു്. പിന്നെ വേഷച്ചിലവായി, ഇപ്പോൾ അതുംകൂടി മാറി.

മിസ്റ്റർ വി. കെ. കൊച്ചുണ്ണിമേനോൻ—അൻപതുമൻപതു് ആനുവദിക്കുന്നതാണു് നല്ലതെന്നു തോന്നുന്നു. പുരുഷന്മാരുടെ വിവാഹച്ചിലവിനു് നിത്യച്ചിലവിനായി കൊടുക്കുന്നതിൽനിന്നും എടുക്കണമെന്നു് ഈ ബില്ലിൽ പറയുന്നുണ്ടു്. സ്ത്രീകളുടെതു നിത്യ

LIBRARY ARCHIVES Kerala Legislative Assembly

ചിലവുകൊണ്ടു നടക്കുകയില്ല. അവരുടെ വിവാഹത്തിനു് കുടുംബത്തിൽനിന്നു തന്നെ ചിലവു ചെയ്യേണ്ടിയിരിക്കും. അതുകൊണ്ടു് അതുമാത്രം നിത്യച്ചിലവിൽ പെടുകയില്ല എന്നാക്കിയാൽ മതി. അതുകൊണ്ടു ഞാൻ ഈ അമൻറുമെൻറിനെ അനുകൂലിക്കുന്നു. സ്ത്രീകളുടെ വിവാഹച്ചിലവു് കുടുംബത്തിൽനിന്നുമാണെന്നു പറയുന്നതുകൊണ്ടുതന്നെ പുരുഷന്മാരുടെതു അതിൽ പെടുകയില്ലെന്നും നിത്യച്ചിലവിൽ പെടും എന്നും അർത്ഥമാകുന്നുണ്ടു്. അതിനാൽ പുരുഷന്മാരുടെ വിവാഹച്ചിലവിനായി പ്രത്യേകമൊരു വകുപ്പു ചേർക്കേണ്ട ആവശ്യവുമില്ല.

പ്രസിഡെണ്ടു്—ഫൈനാൻസു വകുപ്പുകൊണ്ടു സ്ത്രീകളുടെ വിവാഹച്ചിലവു കിട്ടണമെന്നു പറയുന്നുണ്ടു്. പുരുഷന്മാരുടെ ചിലവിനു് വകുപ്പൊന്നും വച്ചിട്ടില്ല. പുരുഷന്മാരുടെ ചിലവു് കൊടുക്കേണ്ടതുമാണു്. അതിനു് പ്രത്യേകം സെക്ഷൻ വച്ചിട്ടു ആവശ്യമില്ല എന്നല്ലെ പറയുന്നതു?

മിസ്റ്റർ വി. കെ. കൊച്ചുണ്ണി മേനോൻ—അങ്ങിനെയല്ല. പുരുഷന്മാരുടെ വിവാഹത്തിനു് ചിലവു് അധികം ഉണ്ടാകയില്ല. അതു അവർക്കു കൊടുക്കുന്ന നിത്യച്ചിലവിൽനിന്നും കഴിക്കാനെ ഉള്ളു. സ്ത്രീകളുടെ വിവാഹത്തിനു് ചിലവു് അധികം വേണ്ടിവരും. അതു നിത്യച്ചിലവിൽനിന്നും കൊടുത്താൽ മതിയാവുകയില്ല.

പ്രസിഡെണ്ടു—പുരുഷന്മാർക്കു് ചിലവിനു കൊടുക്കുന്നതുകൊണ്ടു വിവാഹച്ചിലവും നടത്തികൊള്ളണം എന്നാണൊ?

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി—അങ്ങിനെയാണു് ഉദ്ദേശം.

പ്രസിഡെണ്ടു—എന്നാൽ ഈ ഭാഗം തിരിയായിട്ടുണ്ടൊ എന്നു നന്നായല്ലവണ്ണം നോക്കേണ്ടിയിരിക്കുന്നു. (പതുക്കെവായിച്ചതിനുശേഷം) ഇതോടുകൂടി ഒരു ഭാഗംകൂടി ചേർക്കണ്ടെ? അതായതു പുരുഷന്മാരുടെ വിവാഹച്ചിലവു് നിത്യച്ചിലവിൽപെടുമെന്നു.

മിസ്റ്റർ വി. കെ. കൊച്ചുണ്ണി മേനോൻ—അങ്ങിനെ ഒരു വകുപ്പിട്ടതെ തീരു എന്നില്ല. വേണമെന്നുണ്ടെങ്കിൽ എനിക്കു വിരോധവുമില്ല. സ്ത്രീകളുടെ വിവാഹച്ചിലവു് നിത്യച്ചിലവിൽ പെടുകയില്ലെന്നു് ഒരു വകുപ്പു് ഉണ്ടായി കഴിഞ്ഞാൽതന്നെ പുരുഷന്മാരുടേതു അതിൽ പെടുമെന്നു അർത്ഥമാക്കുവുന്നതാണു്.

പ്രസിഡെണ്ടു—ഞാൻ ഇപ്പോൾ മനസ്സിലാക്കിയതു പുരുഷന്മാർക്കു ചിലവിനു് കൊടുക്കുന്ന വകയിൽമാത്രം ഉണ്ടാക്കി വിവാഹച്ചിലവു് കഴിക്കണമെന്നാണു്. അങ്ങനെയാണെങ്കിൽ അതിനു ഒരു പ്രത്യേകം നിയമനിർമ്മാണം വേണം.

Marriage expenses mean maintenance claimed not as marriage expenses. The object of the legislation is to deny any right for males claiming marriage expenses separately. 'They are not entitled to any some on account of the expenses of their marriage.' Such a clause may be added.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കൊച്ചുണ്ണിമേനോൻ:—അങ്ങനെയൊരു clause ആവശ്യം ഇല്ലെന്നാണ് തോന്നുന്നത്.

പ്രസിഡെണ്ട്:—മിസ്റ്റർ ശങ്കരൻനമ്പൂതിരി എന്തു പറയുന്നു? സ്ത്രീകളുടെ വിവാഹത്തിനു് കുടുംബത്തിൽ നിന്നും ചിലവുകൊടുക്കണമെന്നു ക്ഷേത്രം വകുപ്പിൽ ഉണ്ട്. പുരുഷന്മാർ അവർക്കു കൊടുക്കുന്ന നിത്യച്ചിലവിൽ നിന്നും കഴിക്കണമെന്നാണ് സഭയിൽ പറയുന്നതു്. ആ നിലക്കു് പുരുഷന്മാർക്കു കല്യാണച്ചിലവു പ്രത്യേകം കൊടുക്കേണ്ട എന്നു തെ വകുപ്പു് ചേർക്കാൻ വിരോധമുണ്ടോ?

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി:—പ്രത്യേക ഭാഗം വേണമെന്നില്ല. ഈ ഭേദഗതികൊണ്ടു തന്നെ ആ ഭാഗം തെളിയുന്നുണ്ട്.

റാവുസാഹിബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ:—ഈ അമെൻഡ്മെൻറ് കൂടെക്കൂടി നന്നാക്കണം. മലയാളം നന്നായിട്ടുണ്ടു ഇംഗ്ലീഷിൽ അതു ശരിയായിട്ടില്ല.

President.—You mean the clause 'such as *Stridhanam*, etc?'

Rao Sahib Mr. T. V. Kasturi Ranga Ayyar.—The term 'such as' is descriptive.

Mr. A. B. Salem.—If you add after '*Stridhanam*' 'Ceremonial expenses, etc.,' it will be alright.

Mr. V. K. Kochunni Menon.—No, no.

Mr. A. B. Salem.—If we add a clause to the effect that "males marriage is included in the maintenance" it will be alright.

President.—So the word 'etc.' should be omitted.

റാവുസാഹിബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ:—There is no 'etc.' in Law. It is indefinite. മലയാള വിവരണംവളരെ ശരിയായിട്ടുണ്ട്. ഇംഗ്ലീഷ് അത്രത്തോളം ശരിയല്ല. We want only a true translation of the Malayalam. The Malayalam translation reads very well.

Mr. O. R. Chummar.—If we make it "shall not include *Stridhanam* and other expenses" it will be quite correct.

President.—എന്നാൽ അങ്ങനെ ആവാം. What is intended to denote is that this *Striahanam* comes under the category of marriage expenses of girls and so one item of expenditure is particularised here. That is what has been done. ഈ മാതിരി അയാൾ മലയാളത്തിനൊത്ത ഇംഗ്ലീഷായി.

Of course, I do not know who rendered it into Malayalam.

Rao Sahib Mr. T. V. Kasturi Ranga Ayyar.—So that the clause may be made as "But shall include *Stridhanam* and other expenses of marriage for girls."

President.—So that it will show that *Stridhanam* is also an expenditure. What objectionis there to put it like that?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി—എനിക്ക് ആ ഭേദഗതി സമ്മതം തന്നെ.

President.—In this view of the matter you do not see any objection to the amendment?

Mr. V. K. Kochunni Menon.—I have no objection.

President.—Mr. Achyuta Menon, you opposed the amendment on the ground that it is unnecessary.

Mr. C. Achyuta Menon.—I withdraw the opposition.

Mr. C. A. Kunjunni Raja.—Expenses of education, medical treatment, marriage of males and such religious functions as the members are bound to perform.

President.—One objection is that marriage expenses should not be given as such. It should be met out of the maintenance expenses.

Rao Sahib Mr. T. V. Kasturi Ranga Ayyar.—Taking it as a religious function.

Mr. C. A. Kunjunni Raja.—I don't say that it is a religions function.

Rao Sahib Mr. T. V. Kasturi Ranga Ayyar.—There will be a distinction between marriage inside the caste and that outside the caste.

President.—I come and ask, "well, I incurred Rs. 100 by way of marriage. Give me that." Of course taking it to be 75 per cent, can he claim that by way of marriage expenses?

Mr. C. Achyuta Menon.—I shall make a suggestion for consideration and that is a positive amendment. The marriage expenses may be met and *Stridhanam* may be accepted as being uncommon and extraordinary expenditure.

President.—Then there will be this objection. You now give to the *Illam* to which the female is married a substantial amount. That is not *Stridhanam*. That is appropriated by the *Illam*. If you want my son to marry your daughter, you give me 5,000 rupees, then alone I will marry. That cannot be called as *Stridhanam*. *Stridhanam* is what the girl is entitled to have on her own account. So, that won't satisfy the purpose. Is that so?

Dr. A. G. Menon.—Money value for the person to come and take her, that is *Stridhanam*.

Mr. K. Achyuta Menon.—That will go to the other *Illams* accordingly.

President.—According to our convention *Stridhanam* is the property of the female.

Mr. K. Raman Menon.—*Striahanam* should not exceed her share of the property. There is a provision under section

LIBRARY ARCHIVES Kerala Legislative Assembly

26. 'The *Stridhanam* obtainable on a marriage shall form part of the *Illam* property.'

Mr. V. B. Vaidyanatha Ayyar.—That section is also sought to be amended.

President.—So that we will adopt this part of the amendment subject to the approval of the Council. "Shall not include *Stridhanam* and other expenses of the marriage of the girls of the *Illam*." The amendment moved is with regard to clause (f) of section 2. The amendment is the following:—Insert at the end of section 2 clause (f) the words "of girls of the *Illam* such as *Stridhanam*, etc." The original section was "but shall not include the expenses of the marriage."

The amendment was put to the vote and carried.

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ:—ഈ അമൻഡ്മെൻറ് തന്നെയാണ് ഞാനും കൊണ്ടുവന്നിട്ടുള്ളത്. അതു പാസ്സായിക്കഴിഞ്ഞതിനാൽ എന്റെ അമൻഡ്മെൻറിന്റെ ആവശ്യം ഇല്ല. ഞാൻ പിൻവലിക്കുന്നു.

President.—Next amendment. Chapter II, section 3. 'The *Karanavan* shall have the right of management and possession on behalf of the *Illam* of all properties belonging to it and to the Devaswams over which the *Illam* has *uraimaship*.'

In section 3 after the word 'Devaswams' insert 'and other institutions' and at the end of the clause insert the word 'or trusteeship.' The clause as amended will be as follows:—'The *Karanavan* shall have the right of management and possession on behalf of the *Illam* of all properties belonging to it and to the Devaswams and other institutions over which the *Illam* has *uraimaship* or tursteeship.

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—ഇനി മൂന്നാംവകുപ്പിലാണ് ഒരു ഭേദഗതി. അതായതു ദേവസ്വങ്ങളുടെ വകയും എന്നതിനുശേഷം "അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളുടെ വകയും" എന്നു കൂടി ചേർക്കണം എന്നതാണ്. ദേവസ്വം വക അല്ലാതെയും ചില സ്ഥാപനങ്ങൾ ഉണ്ടായിരിക്കും. അതും കൂടി ഉൾപ്പെടുത്തണമെന്നുള്ള ഉദ്ദേശം കൊണ്ടാകുന്നു ഈ ഭേദഗതി നിർദ്ദേശിക്കുന്നതു.

മിസ്റ്റർ സി. അച്യുതമേനോൻ:—ഇംഗ്ലീഷിൽ ട്രസ്റ്റീഷിപ്പിനു വാക്കു കൊടുത്തു കാണുന്നില്ല.

പ്രസിഡെണ്ടു:—നമുക്കു പ്രോപ്പം ഇംഗ്ലീഷിനെ തുടർന്നുപോയാൽ പോരെ? മലയാളത്തിലുള്ളതും നോക്കണമെന്നുണ്ടോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കുപ്പുസ്വാമിഅയ്യർ:—സാധാരണ റെഗുലേഷനൊക്കെ മലയാളത്തിൽ തന്നെ വേണമെന്നാണ് ഗവർമ്മെണ്ടു നിയമം.

LIBRARY ARCHIVES Kerala Legislative Assembly

Mr. K Achyuta Menon.—Now, Sign Manual is affixed to both English and Malayalam translation.

President.—As far as possible we will correct the translation also. That goes side by side.

ട്രസ്റ്റീഷിപ്പ് എന്നാ മാത്രം. ആരാണ് ഈ അമൻഡുമെൻറിനെ Second ചെയ്യുന്നത്?

Mr. K. S. Rama Ayyar.—I second it.

പ്രസിഡെണ്ട്:—ട്രസ്റ്റീഷിപ്പിനു് മലയാളം എന്താണു്? അതും കൂടി ചേർത്തുകളയാം.

മിസ്റ്റർ സ. അച്യുതമേനോൻ:—പ്രത്യേക വാക്കില്ല. അതു കൊണ്ടു ട്രസ്റ്റീഷിപ്പ് എന്നാ ചേർത്താൽ തന്നെ മതിയാകും.

പ്രസിഡെണ്ട്:—എന്നാൽ അങ്ങനെയാവട്ടെ. മലയാളത്തിൽ ട്രസ്റ്റീഷിപ്പ് എന്നു കൂടി ചേർക്കാം. മിസ്റ്റർ ശങ്കരൻ നമ്പൂതിരിയുടെ അമൻഡുമെൻറിനെ ആരെങ്കിലും എതിർക്കുന്നുണ്ടോ?

മിസ്റ്റർ വ. കെ. കൊച്ചുണ്ണിമേനോൻ:—ഇല്ല.

അമൻഡുമെൻറു വോട്ടിനിട്ടതിൽ എതിർപ്പില്ലാതെ പാസ്സായി.

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി:—അനന്തരവന്മാർക്കു കണക്കു പരിശോധിക്കാൻ സൌകര്യം കൊടുക്കണമെന്നു 3-ാം വകുപ്പുകൊണ്ടു നിർദ്ദേശിക്കുന്നു. എന്നാൽ എവിടെ വെച്ചാണ് അങ്ങനെ ചെയ്യേണ്ടതെന്നു് ബില്ലിൽ വ്യക്തമാക്കീട്ടില്ല. ആ ന്യൂനതയെ പരിഹരിക്കാനായിട്ടാകുന്നു ഈ അഞ്ചാം വകുപ്പിൽ 'ഒരു പ്രാവശ്യം' എന്ന വാക്കിനു ശേഷം. "എങ്കിലും ഇല്ലത്തുവെച്ചു്" എന്നു ചേർക്കണമെന്നു ഒരു അഭിപ്രായം ഞാൻ കൊണ്ടുവരുന്നതു്. സഭ അതു അനുവദിക്കുമെന്നു പ്രതീക്ഷിക്കുന്നു.

Dr. A. G. Menon.—In section 4 there is also the word 'Devaswams' written. In view of the amendment of section 3, I move that the words 'and other institutions' may be inserted after 'Devaswams' and 'or trusteeship' after 'sole *uraimaship*.'

Mr. A. B. Salem.—I second it.

President.—The amendment is, insert in section 4, after the words 'Devaswams' the words 'and other institutions' and after the words 'sole *uraimaship*', the words 'or trusteeship.'

The question that the amended clause shall form part of the Bill was put to the vote and carried.

Mr. C. A. Kunjunni Raja.—The next amendment is in section 5. Between the words 'thereof' and 'once' insert the words 'in the family house at least'. Once in a year he is bound.

പ്രസിഡെണ്ട്:—ർ -ാം വകുപ്പിൽ കുടുംബഭവനത്തിൽ എന്നാണ് പറഞ്ഞിരിക്കുന്നതു. അതിനാൽ ഈ വകുപ്പിലും 'ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

ത്തുവച്ചു' 'എന്നതു് കുഡുംബഭവനത്തിൽ വച്ചു്' എന്നു് മാറ്റേണ്ടിയിരിക്കുന്നു.

Mr. K. S. Rama Ayyar.—I second it.

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി:—ഭാഷയുടെ ഏകീകരണത്തിനു് വേണ്ടി അതുപ്രകാരം ചെയ്യുന്നതിൽ വിരോധം ഉണ്ടാകയില്ല.

Rao Sahib Mr. T. V. Kasturi Ranga Ayyar.—Insert 'by the anandravans thereof at least once a year.'' The inventory will be there, and they can go and inspect.

President.—The legislature is one which compels a man to see this inventory at least once a year.

Mr. A. B. Salem.—Legislature compels him at least to show it once a year.

President.—If we take away 'at least' how does it stand?

Rao Sahib Mr. T. V. Kasturi Ranga Ayyar.—'At least' not necessary. Unnecessary words must not find a place in a statute. Suppose you take away 'at least' and simply put it 'once a year', how does it stand?

President.—If the obligation on the part of the Government is to show it once a year, is it in any way reduced or enhanced by 'at least once a year?'

Mr. A. B. Salem.—This refers to the inventory. The inventory must be hanging there. So, I don't think that "at least" is necessary.

Mr. V. K. Kochunni Menon.— So that may be removed from both clauses. In section 4 also there is "at least once a year". It is also unnecessary.

President.—They are according to this "once a year in the family house'. Mr. Sankaran Nambudiri moved and who seconded it?

Mr. T. K. Krishna Menon.—Mr. K. S. Rama Ayyar.

President.—Is it your amendment, Mr. Kunjunni Raja, this section 5?

Rao Sahib Mr. T. V. Kasturi Ranga Ayyar.—Both combined.

President.—In section 5 after the word 'thereof' insert the words 'at the *illam* at least'. Whose amendment is this?

Mr. A. B. Salem.—Mr. Raja's.

Mr. C. A. Kunjunni Raja.—Section 5 is my amendment.

President.—Who seconds?

Mr. C. A. Kunjunni Raja.—Mr. Sankaran Nambudiri seconds.

LIBRARY ARCHIVES Kerala Legislative Assembly

President.—The original section is 'that the *Karanavan* or the manager for the time being shall maintain a true and correct inventory of all movables and immovables belonging to the *illam*, and it shall be open to inspection by the *Anandravan* thereof once a year, and copies of the same, signed by the *Karanavan* or the manager for the time being shall be given to any of them on payment of the requisite charges'. The section as amended will read thus:—"The *Karanavan* or the manager for the time being shall maintain a true and correct inventory of all movables and immovables belonging to the *illam*, and it shall be open to inspection by the *Anandravans* at least once a year in the family house, and copies of the same, signed by the *Karanavan* or the manager for the time being, shall be given to any of them on payment of the requisite charges.'

The question that this amendment shall form part of the section was put to the vote and carried.

President.—The next amendment is section 6.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി—ന്യ-ായവകുപ്പിനു പകരം "മുൻ നാലും അഞ്ചും വകുപ്പുകളിൽ പറഞ്ഞ കണക്കുകളും പട്ടികകളും കൊല്ലാവസാനത്തിനു ശേഷം മൂന്നുമാസത്തിനുള്ളിൽ പരിശോധിച്ചു അതുകളിന്മേലുള്ള ആക്ഷേപം രേഖാമൂലം കാരണവനെയൊ, മാനെജരെയൊ, അനന്തിരവന്മാർ അറിയിക്കേണ്ടതും അങ്ങനെ ചെയ്യാത്തപക്ഷം മുൻപറഞ്ഞ കണക്കുകളും പട്ടികകളും അവർ സമ്മതിച്ചതായി വിചാരിക്കേണ്ടതുമാകുന്നു." എന്ന ഭാഗം ചേർക്കണമെന്നാണു് ഞാൻ അപേക്ഷിച്ചിരുന്നതും ദിവാൻ അനുവദിച്ചിട്ടുള്ളതും. എന്നാൽ ചില വിഷമതകൾ കാരണം ന്യ-ായവകുപ്പിനെ റദ്ദു് ചെയ്യണമെന്നുള്ള ഭാഗത്തെ ഞാൻ ഇപ്പോൾ കൌൺസിലിൽ അവതരിപ്പിക്കുന്നില്ല. ഞാൻ ഭേദഗതിയായി കൊണ്ടുവന്ന മുൻപറഞ്ഞഭാഗത്തെ ഇപ്പോഴത്തെ ന്യ-ായവകുപ്പിനു മുമ്പു ഒരു പുതിയ വകുപ്പായി ചേർക്കാൻ അനുവദിക്കണമെന്നു ഞാൻ സഭയോടപേക്ഷിക്കുന്നു.

Dr. A. G Menon.—This may be re-numbered as 5 (1) and 5 (2).

പ്രസിഡെണ്ടു്—നോട്ടീസ്സു കൊടുത്തിട്ടുണ്ടൊ?

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി—ഇല്ല. ഇപ്പോൾ അവശ്യപ്പെടുക മാത്രമെ ചെയ്യുന്നുള്ളു.

പ്രസിഡെണ്ടു്.—മുമ്പു നോട്ടീസ് കൊടുത്തിട്ടുള്ളതു് ഇപ്പോഴത്തെ ആറാം വകുപ്പു എടുത്തു കളയാനും അതിനു പകരം ഒരു പുതിയ സെക്ഷൻ ചേർക്കാനും ആണു്. ഈ അമൻറുമെൻറിനും ഇപ്പോഴത്തെ ന്യ-ായ സെക്ഷനും തമ്മിലുള്ള യോജിപ്പു എന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—വാസ്തവത്തിൽ യോജിപ്പോ നമില്ല .അതുകൊണ്ടുതന്നെയാകുന്നു ന്യ-ാം വകുപ്പു മാറ്റിക്കള യാതെ ഈ അമൻറുമെൻറിനെ ഒരു പുതിയ വകുപ്പായി ചേർക്കാൻ അനുവദിക്കണമെന്നു ആവശ്യപ്പെടുന്നതു.

Mr. N. Padmanabha Menon.—There are two parts in this amendment and each part should be taken separately.

പ്രസിഡെണ്ടു്.—വ്യക്തമാകുന്നില്ലല്ലൊ. രണ്ടു അമൻറുമെൻറാ ണു ഈ ഭാഗത്തിൽ. ഒന്നു ന്യ-ാംവകുപ്പു് ആവശ്യമില്ലെന്നു; ര ണ്ടാമത്തതു അതിനുപകരം മറെറാരു പുതിയ വകുപ്പു ചേർക്കാൻ.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ഞാൻ അമൻറുമെൻറ അ യച്ചിട്ടുള്ളതു ആ രീതിക്കാണെങ്കിലും ന്യ-ാംവകുപ്പു് എടുത്തുകള യണമെന്നുള്ള ഭാഗത്തെ ഇപ്പോൾ അവതരിപ്പിക്കുന്നില്ല. ഞാൻ അ യച്ചിട്ടുള്ള അമൻറുമെൻറിനെ ഒരു പുതിയ വകുപ്പായി ചേർത്താൽ മതിയെന്നാണു എൻെറ ഇപ്പോഴത്തെ അപേക്ഷ. വാസ്തവത്തിൽ അമൻറുമെൻറു് അയക്കുന്ന അദ്യ അവസരത്തിലും എൻെറ ഉദ്ദേശം ഇതുതന്നെയായിരുന്നു. എഴുതിയതിൽ പിഴച്ചുതാണു്. അതിനാൽ ന്യ-ാം വകുപ്പു് എടുത്തു കളയണമെന്നു് എനിക്കു അഭിപ്രായമില്ല.

President.—The original section was "Except with the written consent of all the major members of the *illam*, wherever possible, no *Karanavan* or the manager for the time being shall sell *illam* property, movable or immovable, or lease it for a period of more than six years or mortgage it with possession or pledge or hypothecate it or grant renewals of *Kanoms* or mortgages for a period of more than 12 years or take by way of *munpattam* more than one year's rent or give discharges or mortgages with or without possession".

എന്നാൽ എടുത്തുകളയേണ്ടതിനെപറ്റി നമുക്കു ആലോചി ക്കേണ്ട. പുതിയ ഭാഗം വേണ്ടൊ വേണ്ടയൊ എന്നു പരിശോധി ക്കാം.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ബില്ലിൻെറ ഇപ്പോഴത്തെ ആറാം വകുപ്പിനു മുമ്പായി എൻെറ അമൻറുമെൻറിനെ ഒരു പു തിയ വകുപ്പായി ചേർക്കാൻ അനുവദിക്കണമെന്ന എൻെറ അപേ ക്ഷയെ ഞാൻസഭയിൽ അവതരിപ്പിക്കുന്നു.

പ്രസിഡെണ്ടു്.—ഇപ്പോഴത്തെ ന്യ-ാംവകുപ്പിനു കീഴെ ചേർക്ക ണം അല്ലെ? ഇ എന്ന വകുപ്പിനെ ഏ ആയും ഇതിനെ ബി യും ചേർത്താൽ പോരെന്നുണ്ടൊ?

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—വകുപ്പുകളുടെ നമ്പർത്ത ന്നെ മാറ്റി പുതിയ നമ്പർ ഇടുന്നതായിരിക്കും സൌകര്യം.

President.—The amended form is "on inspecting the accounts of management and the inventory mentioned in sections 4 and 5 supra within three months after the expiry of the year the *Anandravans* shall give written notice of their objections to the *Karanavan* or the manager for the the time being and

LIBRARY ARCHIVES Kerala Legislative Assembly

on failure to do so, the *Anandravans* shall be estopped from raising any objection to the accounts and the inventory in future". One "of" should be omitted.

ഇനി ഇതിന്റെ ഉദ്ദേശം കൂടി വിവരിച്ചുപറയണം. ഈ ബില്ലിന്റെ രണ്ടാം വായന സമയമാണ്. ഇപ്പോൾ സാധാരണയായി അമൻരുമെൻറ് കൊണ്ടുവരാൻ പാടില്ല. പിന്നെ ദിവാന്റെ വിശേഷാൽ അനുവാദത്തോടെയാണ് കൊണ്ടുവന്നിട്ടുള്ളത്. അതിനാൽ ഈ അവസരത്തിൽ ഈ അമൻരുമെൻറുകൾ ഹാജരാക്കുവാനുള്ള കാരണത്തെ മിസ്റ്റർ ശങ്കരൻ നമ്പൂതിരി കൊൺസിലിൽ വിശദമാക്കേണ്ടിയിരിക്കുന്നു.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—കാരണവരോ മാനേജരോ വെക്കുന്ന കണക്ക് കൊല്ലത്തിൽ ഒരു പ്രാവശ്യമെങ്കിലും അനന്തിരവന്മാരുടെ പരിശോധനക്ക് പ്രാപിക്കണമെന്ന് ൫-ാം വകുപ്പിൽ പ്രസ്താവിക്കുന്നു. ഇത്രമാസത്തിനകത്തു പരിശോധിക്കണമെന്നു ഒരു നിബന്ധന ഇല്ലാത്ത പക്ഷം അനന്തിരവന്മാർ ബോധിക്കുമ്പോൾ കണക്ക് നോക്കാൻ ചെല്ലും. അതു കണക്ക് വെക്കുന്നവർക്ക് ബുദ്ധിമുട്ടായിത്തീരും. കണക്ക് വെക്കുന്നവർക്ക് വിഷമം ഉണ്ടാകാതിരിക്കാനും അനന്തിരവന്മാർ ചുമതല ബോധത്തോടുകൂടി പ്രവൃത്തിപ്പാനും വേണ്ടിയാകുന്നു ഞാൻ ഈ പുതിയ വകുപ്പ് ചേർക്കണമെന്ന അഭിപ്രായപ്പെടുന്നത്.

പ്രസിഡെണ്ട്.—കാരണവരെ ബുദ്ധിമുട്ടിക്കാതിരിക്കാൻ മൂന്നുമാസത്തിനകത്തു പരിശോധിച്ചില്ലെങ്കിൽ അങ്ങനെ ചെയ്യാനുള്ള അവകാശം അവർക്ക് നഷ്ടപ്പെട്ടു. പിന്നെ അവർക്ക് ആക്ഷേപം ഉണ്ടായാലും കാര്യമില്ല. ആരാണ് സെക്രട്ടറി ചെയ്യുന്നത്?

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—ഞാൻ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. അച്യുതമേനോൻ.—മൂന്നു മാസത്തിനകത്തു പരിശോധിച്ചു ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്ന വകുപ്പിൽ ഉണ്ട്. പക്ഷെ കണക്ക് എന്നാണ് തയ്യാറാക്കേണ്ടതെന്നു ഒരിടത്തും പറഞ്ഞു കാണുന്നില്ല. പരിശോധിക്കേണ്ട അവസാന അവധിയായ മൂന്നു മാസവും കഴിഞ്ഞിട്ടു നാലാം മാസത്തിലാണ് കാരണവർ കണക്ക് തയ്യാറാക്കാൻ ഭാവമെങ്കിൽ അതിനു പോംവഴി ഒന്നും ബില്ലിൽ കണ്ടിട്ടില്ല

President.—So in view of the objection you oppose it.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—കണക്ക് അന്നന്നു എഴുതി വക്കേണ്ടതു കാരണവരുടെ ചുമതലയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അച്യുതമേനോൻ.—അംഗങ്ങളെ കാണിക്കുന്ന കാര്യത്തിൽ ഇന്നദിവസം കണക്കു പൊപ്പാക്കിവെയ്ക്കണമെന്നു് ഒരിടത്തും പറയുന്നില്ല.

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ.—അതിനെപ്പറ്റി നാലാം വകുപ്പിൽ പറയുന്നുണ്ടു്

പ്രസിഡെണ്ടു്.—അതാതുദിവസം കണക്കു വയ്ക്കണ്ടതല്ലെ?

മിസ്റ്റർ കെ. അച്യുതമേനോൻ.—അതാതു ദിവസം കണക്കുകൾ ബുക്കിൽത്തേത്തില്ലെന്നുവരും. സാധാരണയായി തല്ക്കാലം ഓർമ്മയ്ക്കായി കുറിപ്പുകൾ മാത്രമെ എഴുതുകയുള്ളു. അതെല്ലാംകൂടി വേറൊരു ദിവസമായിരിക്കും ബുക്കിൽ ചേർക്കുക. കൂടാതെ ദേശവഴികളിൽ നിന്നും കണക്കുകൾ വന്നു ചേരാനും താമസം നേരിട്ടേയ്ക്കാം. അതിനാലും അന്നന്നത്തെ കണക്കുവയ്പു പ്രയാസമാകും. അതിനാൽ അംഗങ്ങളെ കാണിക്കുന്നതിനുവണ്ണം കാരണവർ ഇത്ര ദിവസത്തിനകം കണക്കു തയ്യാറാക്കണമെന്നു് ഒരു നിബന്ധന വേണ്ടതായിരിക്കുന്നു.

പ്രസിഡെണ്ടു്.—മൂന്നു മാസത്തിനകം പരിശോധിക്കണമെന്നു് അവധി വെച്ചപ്പോൾ അതിനുമുമ്പായി കാരണവർ കണക്കുവയ്ക്കണമെന്നു് വരുന്നില്ലേ? എന്നുവരെ കണക്കുതയ്യാറാക്കാൻ സമയം കൊടുക്കണം?

ഡാക്ടർ എ. ജി. മേനോൻ.—കണക്കു തയ്യാറാക്കാൻ കന്നി മാസം-ാംനു- വരെ ഇട കൊടുക്കണം.

പ്രസിഡെണ്ടു്.—മിസ്റ്റർ ശങ്കരൻ നമ്പൂതിരി എന്തുപറയുന്നു?

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—കൊല്ലാവസാനത്തിലാണു് കണക്കു തയ്യാറാക്കേണ്ടതു്. കൊല്ലാവസാനത്തിനുശേഷം മൂന്നുമാസത്തെ അവധിയാണു് പരിശോധനക്കു വച്ചിട്ടുള്ളതു്.

പ്രസിഡെണ്ടു്.—കൊല്ലാവസാനത്തിൽ കണക്കു തയ്യാറാക്കാൻ താമസം വരികയില്ലെ?

ഡാക്ടർ എ. ജി. മേനോൻ.—തീച്ചയായിട്ടും തയ്യാറാവുകയില്ല.

പ്രസിഡെണ്ടു്.—പല കണക്കുകളും ദേശവഴികളിൽനിന്നും വരാനുണ്ടാകും.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ദേശവഴികളിൽനിന്നു അതാതുദിവസം തന്നെ കണക്കു അയക്കും. അയച്ചില്ലെങ്കിൽ അതിനു കാരണവർ വേണ്ട ഏർപ്പാടു ചെയ്തുകൊള്ളണം. മിക്കപ്പോഴും അതാതുദിവസംതന്നെ വന്നുചേരും. അതുകൊണ്ടു് കണക്കു കൊല്ലാവസാനത്തിൽ ശരിയാക്കാൻ വൈഷമ്യം ഉണ്ടാകുമെന്നു തോന്നുന്നില്ല.

മിസ്റ്റർ വി. കെ. കൊച്ചുണ്ണിമേനോൻ.—കണക്കു തയ്യാറാക്കിയാൽ കൊല്ലത്തിൽ ഒരിക്കൽ കാണിക്കണമെന്നേയുള്ളു. അതു് ഒ

LIBRARY ARCHIVES Kerala Legislative Assembly

ശേഷം പരിശോധിച്ചുകഴിഞ്ഞാൽ ആക്ഷേപിക്കാനാണ് മൂന്നു മാസത്തെ അവധി.

ഡാക്ടർ എ. ജെ. മേനോൻ.—കന്നി മാസം എന്നാക്കിയാൽ മതിയാകും.

മിസ്റ്റർ വി. കെ. കൊച്ചുണ്ണിമേനോൻ.—കണക്കു കാണിക്കാൻ ഒരു സമയം വെയ്ക്കണം. കൊല്ലത്തിൽ ഒരിക്കൽ കാണിക്കണമെന്നായാൽ കുഴപ്പംവരെ ആകാമല്ലൊ.

Mr. N. Padmanabha Menon.—I think the whole difficulty will be over if you omit "after the expiry of the year" and substitute "within three months from the date of inspection". The idea when the sections were dratted was that the *Karanavan* must have one full year within which the *Anandravan* may claim to inspect the account. Within that year, the *Anandravan* can claim to inspect the accounts and the *Karanavan* should wait for that full year. He is not a defaulter if he does not show the accounts of 1101 till the expiry of 1102. So if we omit "after the expiry of the year" and substitute "from the date of inspection" it will clear the difficulty.

പ്രസിഡെണ്ട്.—"പരിശോധിച്ചുകഴിഞ്ഞതിനു മൂന്നു മാസത്തിനകം" എന്നു മാറ്റിയാൽ എന്താണ്?

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—വിരോധമില്ല.

മിസ്റ്റർ കെ. അച്യുതമേനോൻ.—ആക്ഷേപിക്കുന്നതിനും പരിശോധിക്കുന്നതിനും കാലാവധി വയ്ക്കാതിരിക്കുന്നതാണ് നല്ലതു്. ഒരു അനന്തിരവൻ ഇല്ലത്തില്ലായിരിക്കും, വേറെ ദിക്കിലായിരിക്കും താമസം. ബില്ലിൽ പറയുന്ന അവധിക്കുമുമ്പു് വരാൻ സാധിച്ചില്ലെന്നും വരാം. അതുകൊണ്ടു് എപ്പോഴെങ്കിലും പരിശോധിച്ചുകൊള്ളട്ടെ. കാലാവധി വയ്ക്കാതിരിക്കുന്നതാണ് നല്ലതു്. ഞാൻ ഈ അമെൻറ്മെൻറിനോടു യോജിക്കുന്നില്ല.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ബോധിക്കുമ്പോഴാകാമെന്നു വെക്കുന്നതു് ബുദ്ധിമുട്ടിനും മറവും വഴിയാകും.

പ്രസിഡെണ്ട്.—പരിശോധിച്ചാൽ ശരിയായ കണക്കില്ലെന്നുകണ്ടാൽ കോടതിയിൽപോയി ആക്ഷേപം ബോധിപ്പിച്ചാൽ പോരെ? എന്തിനാണു് കാരണവർക്കു് നോട്ടീസ് കൊടുക്കണമെന്നു പറയുന്നതു"?

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—നോട്ടീസ് കൊടുത്താൽ ആക്ഷേപം കാരണവർതന്നെ പരിഹരിക്കുമെങ്കിൽ കോടതിയിൽ പോകാതെ കഴിക്കാമല്ലൊ.

President.—The question before the House is that the new section to be numbered as 6 be added which will run as follows:—

LIBRARY ARCHIVES Kerala Legislative Assembly

"On inspecting the accounts of management and the inventory mentioned in sections 4 and 5 supra within three months after the expiry of the year the *Anandravans* shall give written notice of their objections to the *Karanavan* or Manager for the time being and on failure to do so, the *Anandravans* shall be estopped from raising any objection to the accounts and the inventory in future".

The amendment was put to the vote and lost.

President.—What is the next amendment?

Mr. N. Padmanabha Menon.—The next amendment is not necessary. We have retained section 6.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ഉ-ം ന്യ-ം ഒ -ം വ്യ-ം ന്ത-ം നമ്പർ അമൻറുമെൻറുകൾ ഞാൻ ഇവിടെ അവതരിപ്പിക്കുന്നില്ല.

Hence the following amendments were considered to be withdrawn.

(5) In section 9, omit the words 'in accordance with section 6', and insert at the end the words 'with the written consent of all the major members of the *illam*.'

(6) In section 11, omit the words 'but he shall not delegate such right to any one', and insert at the end the words 'in favour of all the members of the *illam*'.

(7) In section 12, omit the words 'if he becomes an out-caste or.'

(8) In section 13, omit the words 'neither an out-caste nor a', and insert before the word 'person' the word 'no'.

(9) In section 14, substitute the word 'Nambudiri' for 'person'.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—എന്നാംവകുപ്പിന്റെ ഒടുവിൽ "എന്നാൽ ഈപ്രതിഫലസംഖ്യ കൊല്ലാവസാനത്തിനോ ഷം മൂന്നുമാസത്തിനുള്ളിൽ കാരണവനൊ മാനേജരൊ എടുക്കയൊ ആവശ്യപ്പെടുകയൊ ചെയ്യാത്തപക്ഷം ടി സംഖ്യ ഇല്ലം സ്വത്തിലേക്കു ലയിച്ചുപോകുന്നതായി വിചാരിക്കേണ്ടതാകുന്നു." എന്നു ചേർക്കാൻ അനുവദിക്കണമെന്ന ഭേദഗതിയെ ഇവിടെഞാൻ അവതരിപ്പിക്കുന്നു. കാരണവനു് ഭരണപ്രതിഫലമായി ഒരു സംഖ്യ എടുക്കാമെന്നു് അനുവദിച്ചിട്ടുണ്ടു. അവർ ആ തുക അത്യാവശ്യസമയം

LIBRARY ARCHIVES Kerala Legislative Assembly

പറയാതെ കൂട്ടിയിടുന്നപക്ഷം അതു വഴിക്കുകയും ഒടുവിൽ കുഡും ബേത്തക്കു് വലിയ ഒരു ഭാരമായിവരികയും ചെയ്യും. അങ്ങിനെ ഒരു ന്യൂനത ഉണ്ടാകാതെ സൂക്ഷിക്കുന്നതിനായിട്ടാണു് മൂന്നു മാസത്തിനകം പറഞ്ഞില്ലെങ്കിൽ കാലഹരണം ഉണ്ടാകുമെന്ന ഒരു വകുപ്പുകൂടെ ഇതിൽ ചേക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

President.—Section 16.

"The *Karanavan* or the manager for the time being shall be entitled at the end of the year to appropriate, besides his maintenance and the cost of the management, an amount not exceeding five per cent of the net realised income of the *illam* up to a maximum of Rs. 2,500, and such amount shall be deemed to be his self-acquisition. This amount shall be apportioned between the *Karanavan* and his successor in management in the proportion of 1:3 that is, ¼ being given for the retiring *Karanavan* and ¾ to the manager, if the former voluntarily retires and not otherwise."

Insert at the end of section 16 the following.—"If the *Karanavan* or the manager fails to appropriate, or to make a demand for, this amount within three months after the expiry of the year, the amount shall lapse to the *illam*".

Mr. K. Raman Menon.—I second it.

മിസ്റ്റർ. വി. കെ. കൊച്ചുണ്ണിമേനോൻ.—മൂന്നുമാസമെന്നു പറയുന്നതു് വളരെ കുറഞ്ഞ അവധിയായിപ്പോയി.

പ്രസിഡെണ്ടു്.—മാത്രമല്ല, ആ കാലത്തിനുള്ളിൽ കണക്കു തയ്യാറായില്ലെന്നും വരും. കണക്കു ശരിയാകാതെ അവരുടെ പ്രതിഫലം അവർ എങ്ങനെയാണു് പറയുന്നതു്? അതും ഒരു ബുദ്ധിമുട്ടാണു്.

മിസ്റ്റർ. വി. കെ കൊച്ചുണ്ണിമേനോൻ.—സാധാരണ ഈവക സംഗതികൾക്കു് മൂന്നുകൊല്ലത്തെ അവധി ഉണ്ടു്. അതുതന്നെ അനുവദിച്ചില്ലെങ്കിലും ഇതിലും ചുരുങ്ങിയതു ഒരു കൊല്ലത്തെ അവധി കൊടുക്കണം.

മിസ്റ്റർ. കെ. ശങ്കരൻ നമ്പൂതിരി.—മൂന്നുമാസം എന്നതിനെ ഞാൻ ശക്തിയായി വാദിക്കുന്നില്ല. ഒരുകൊല്ലം എന്നതിൽ യോജിപ്പാൻ തയ്യാറാണു്.

President.—Do you object the amendment, Mr. Kochunni Menon?

മിസ്റ്റർ വി. കെ. കൊച്ചുണ്ണിമേനോൻ.—ഈ അമൻറുമെൻറു തന്നെ ആവശ്യമില്ലെന്നാണു് എൻറെ അഭിപ്രായം. ഞാൻ ഇതിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. കെ. അച്ചുതമേനോൻ.—ഇതു് ആവശ്യമില്ല. ഞാനും എതിർക്കുന്നു. കുഡുംബത്തിലെ ചിലവു് കാരണവനാണു് നടത്തുന്നതു്. ചിലപ്പോൾ തല്ക്കാലം പിരിഞ്ഞു കിട്ടുന്നതു അംഗങ്ങളുടെ ഓഹരിക്കു കൊടുക്കുവാനെ ഉണ്ടാകയുള്ളു. കുഡുംബച്ചിലവിനും ബുദ്ധിമുട്ടു് നേരിട്ടെന്നുവരാം. ഈ വകയ്ക്കും, മറ്റും അപ്പപ്പോൾ നേരിടുന്ന ചിലവുകൾക്കും വേ പണം പലിശെ കൊടുത്തു കടം വാങ്ങുന്നതിനേക്കാൾ തന്റെ പ്രതിഫല സംഖ്യ പിന്നാതെ അതുതന്നെ ചിലവാക്കാൻ ഒരുങ്ങുന്ന നല്ല കാരണവന്മാർ ഉണ്ടെങ്കിൽ അവക്കു് ഈ നിയമം ഉപദ്രവമായി വരും. നല്ല കാരണവന്മാരുള്ള കുഡുംബത്തിനു് അതു ദോഷമല്ലെ? നല്ലതും ചീത്തയും എല്ലായിടത്തും പതിവാണു. അതുപോലെ നല്ലകാരണവന്മാർ തന്നെയായിരിക്കയില്ല എല്ലാവരും. ചീത്തകാരണവന്മാർ തരമുണ്ടെങ്കിൽ കൂടുതൽ കടത്താൻ നോക്കാതിരിക്കയില്ല. പക്ഷെ അതു ചുരുങ്ങും. അതിനാൽ ഈ ഭേദഗതി വേണ്ടെന്നാണു് എന്റെ പക്ഷം.

മൂന്നാമാസത്തെ അവധി ആവശ്യമില്ലാത്ത ഒന്നാണു്. അതു് കുഡുംബത്തിൽ തന്നെ തകരാറുണ്ടാക്കും. കുഡുംബാവശ്യത്തിനു—വല്ല പലിശയൊ, മറ്റുവിധത്തിൽ വല്ല ഓഹരിയൊ കൊടുത്തു തീക്കേണ്ടിവരുമ്പോൾ—പണം കൂടുതൽ വേണ്ടിവരാം. അപ്പോൾ കാരണവർ അദ്ദേഹത്തിന്റെ പ്രതിഫലം എടുക്കാതെ, അതുകൊണ്ടു് ആവശ്യം നിവൃത്തിക്കുന്നതിന്നാണു് ഒരുങ്ങുന്നതു്. ഈ പാസ്സായാൽ അങ്ങിനെ ഒരു നല്ല മനസ്ഥിതി ഉണ്ടാകാൻ പ്രയാസം. കാരണവരും അനന്തിരവന്മാരും രസമില്ലെങ്കിൽ അയത്നവഴക്കിനും കാരണമായിതീരും.

മിസ്റ്റർ. കെ. ശങ്കരൻ നമ്പൂതിരി.—ധാരാളം സ്വത്തുക്കളുള്ള ഇല്ലമാണെങ്കിൽ എത്രതന്നെ താമസിച്ചു് ഒന്നിച്ചുവാങ്ങാൻ ഉദ്ദേശിച്ചാലും എടുക്കാൻ വിഷമം ഉണ്ടാവുകയില്ല. അഞ്ചാറുകൊല്ലത്തെ പ്രതിഫലം ഒന്നിച്ചു കൊടുക്കേണ്ടിവരുന്നതു ചെറിയ സ്വത്തുള്ള ഇല്ലങ്ങൾക്കു വളരെ ഭാരമായിത്തീരും. അതിനു് വഴിയില്ലാതാകുമ്പോൾ വ്യവഹാരവും മറ്റും ആകും.

പ്രസിഡെണ്ടു്.—ഈ അമൻഡുമെൻറ് ഇവിടെകൊണ്ടുവരികയും വാദപ്രതിവാദം കഴികയും ചെയ്തു. വോട്ടിനിടണമൊ?

മിസ്റ്റർ. കെ. ശങ്കരൻ നമ്പൂതിരി.—ഇവിടെ അഭിപ്രായത്തിൽ ദോഷകരമല്ലെന്നു കാണുന്ന പക്ഷം. പിൻവലിക്കാൻ ഞാൻ തയ്യാറാണു്. പക്ഷെ ഈ ഭേദഗതികൊണ്ടു് ഇല്ലങ്ങൾക്കു ഗുണമുണ്ടാകുമെന്നു വിചാരിച്ചാകുന്നു ഞാൻ ഇതു കൊണ്ടുവന്നതു്.

പ്രസിഡെണ്ടു്.—ഒരുക്കമാണെന്നുപറഞ്ഞാൽ പോരാ. പിൻവലിക്കയും വേണം. അല്ലെങ്കിൽ വോട്ടിനിടേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ഞാൻ പിൻവലിക്കുന്നു.

President.—The next amendment is No. 11.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.— ഇനി ഫ്രാമത്തെ അമൻറുമെൻറാകുന്നു. അതു് ഫസ്റ്റാം വകുപ്പിൻറെ ഒരു ഉപവകുപ്പായി ചേർക്കേണമെന്നാണു് ആഗ്രഹം. അമെൻറുമെൻറു താഴെകാണുന്നപ്രകാരം ആകുന്നു. "അതായതു കൊല്ലത്തെ അസ്സൽ വരവിൽ ചിരിഞ്ഞു കിട്ടിയ സംഖ്യയുടെ ഫഠ ശതമാനം കരുതൽ ധനമായി സൂക്ഷിക്കേണ്ടതും ഢ ശതമാനത്തിൽ അധികരിക്കാത്ത സംഖ്യ ധർമ്മച്ചിലവുകൾക്കും ണ ശതമാനത്തിൽ അധികരിക്കാത്ത സംഖ്യ ഭരണച്ചിലവുകൾക്കുമായി കാരണവന്മാരുടെയോ മാനേജരുടേയൊ യുക്തം പോലെ ഉപയോഗിക്കാവുന്നതുമാകുന്നു."

അസ്സൽ വരവിൻറെ ഒ ശതമാനം വീതം ഓരോ അംശത്തിനും ചിലവിനു കൊടുക്കണം. ബാക്കി ഫ ശ വീതം സംഖ്യ ബാക്കിയുണ്ടാകും. അതു് എങ്ങനെയാണു് ചിലവാക്കേണ്ടതെന്നു് ബില്ലിൽ പറഞ്ഞിട്ടില്ല. അതൊന്നു വിശദമാക്കാനാണു ഈ ഭാഗം.

പ്രസിഡെണ്ടു്.—ഫ ശ വീതം ചിലവിനു കൊടുക്കണമെന്നു പറയുന്നതു് ഏതു വകുപ്പിലാണു്?

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ഫസ്റ്റാം വകുപ്പിൽ.

Mr. C. A. Kunjunni Raja.—I second it.

മിസ്റ്റർ വി. കെ. കൊച്ചുണ്ണി മേനോൻ.—ധാരാളം സ്വത്തുള്ള തറവാടാണു് എല്ലാം എങ്കിൽ ഈ നിയമം തരക്കേടില്ല. ഫ ശതമാനം ചിലവിനു കൊടുക്കണമെന്നു പറയുന്നതു് പുറമെ പോയി താമസിക്കുന്നവർക്കാകുന്നു. പുറമെ പോയി താമസിക്കാത്ത പക്ഷം ആവശ്യമില്ലല്ലൊ. അങ്ങനെ കൊടുക്കാനും ബാക്കി വെക്കാനും ഇല്ലെങ്കിൽ എന്തു ചെയ്യും?

പ്രസിഡെണ്ടു്.—ഉണ്ടെങ്കിലെ വയ്ക്കുകയുള്ളു. വിശേഷിച്ചു് ചിലവിനു് ഒന്നുമില്ലെങ്കിലൊ?

മിസ്റ്റർ വി. കെ. കൊച്ചുണ്ണി മേനോൻ.—അപ്പോഴാണു് ദുഃഖം. ഫ ശ വീതം ബാക്കി വയ്ക്കണമെന്നും അതു ഇന്നപ്രകാരം ചിലവാക്കണമെന്നും നിർദ്ദേശിക്കുമ്പോൾ ഇല്ലത്തു് അളകം പട്ടി

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകടക്കേണ്ടിവരും. അല്ലെങ്കിൽ ഈ ബാക്കി എടുത്തു ചിലവാക്കാം. ഈ നിബന്ധന ഉണ്ടാക്കിയാൽ പണവും വച്ചുകൊണ്ടു ദാരിദ്ര്യദുഃഖം അനുഭവിക്കണം. അതിനാൽ ഞാൻ ഈ അമെൻറുമെൻറിനെ എതിർക്കുന്നു.

മിസ്റ്റർ എം. കെ. രാമൻ.—വിഷമം വരുന്നതായാൽ നടക്കുകയില്ല. എന്നാൽ വിഷമസ്ഥിതി വരുത്തിക്കവണ്ണം ഈ നിയമത്താൽ നിബ്ബന്ധിക്കുന്നില്ല. ബാക്കി സംഖ്യയിൽ പാതി ഇന്നവിധത്തിലും മുക്കാൽ ഇന്നപ്രകാരത്തിലും വേണമെന്നേ പറയുന്നുള്ളു. അതു് കാരണവന്മാർക്കു് ചിലവാക്കാനുള്ള ഒരു ഉപദേശവിവരണം മാത്രമെ ആകുന്നുള്ളു.

പ്രസിഡെണ്ടു്.—ഫാ കുറുതൽ ധനമായി സൂക്ഷിക്കണമെന്നില്ലെ?

മിസ്റ്റർ എം. കെ. രാമൻ.—ഉണ്ടു്.

പ്രസിഡെണ്ടു്.—കുറുതൽ ധനം വയ്ക്കണമെന്നുള്ളതുകൊണ്ടു് അതു വച്ചുംകൊണ്ടു് പട്ടിണികിടക്കേണ്ടിവന്നാലൊ?

മിസ്റ്റർ. സി. എ. കുഞ്ഞുണ്ണിരാജാ.—പുറമെ ഒരാൾ താമസിക്കുന്നുണ്ടെങ്കിൽ മാത്രമെ അയാൾക്കു ഒരു കൊട്ടത്തിട്ടു് ഒരു ബാക്കിയും അതിൽ നിന്നു കുറുതൽ ധനവും വച്ചാൽ മതി. സാധാരണ കൂടുതൽ ആളുകൾ പുറമെ പോവുകയില്ല. ഒന്നോ രണ്ടോ പേർ പോവുകയും അതിൽ നിന്നു് കുറുതൽ ധനം വയ്ക്കുകയും ചെയ്താൽ അതുകാരണം പട്ടിണിയാവുകയില്ല.

പ്രസിഡെണ്ടു്.—പുറമെ പോവുന്നവർ വഴിക്കാതിരിക്കയും ഇല്ലത്തുള്ളവർ ബുദ്ധിമുട്ടാതിരിക്കയും ചെയ്യണമെന്നാണു് പറയുന്നതു്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—ഇല്ലത്തെ ചിലവു കഴിച്ചു് ബാക്കി വല്ലതും ഉണ്ടാക്കിയെങ്കിലല്ലെ പട്ടിണി വരാതിരിക്കത്തക്കവണ്ണം കുറെ വല്ലതും മിച്ചം വയ്ക്കുവാൻ സാധിക്കുകയുള്ളു? അതിനാലാണു് കുറുതൽ ധനം വേണമെന്നു പറയുന്നതു്.

റാവു സാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഒരു ഇല്ലത്തിൽ പത്തു ആളുകളും നൂറു പറ നെല്ലു വരവും ഉണ്ടെന്നു വയ്ക്കുക. അവർക്കു നൂറു പറ വീതം നെല്ലു് മിച്ചവാനും വേണ്ടി വരുമെന്നിരിക്കട്ടെ. കുറുതൽധനം വക്കണമെന്നു പറയുമ്പോൾ അവർ നാഴി അരി വീതം ഉണ്ണാൻ പാടില്ല, ഉരി അരിയെ പാടുള്ളു എന്നു പറയുന്നതുപോലെ വരും. ഒരു ബില്ലു് മൂലം സാധാരണ ഉണ്ണുന്ന ചോറു് ഉണ്ണാൻ പാടില്ലാ; കുറച്ചു ഉണ്ടിട്ടു് ബാക്കി കുറുതൽ ധനംവയ്ക്കണമെന്നു പറയുന്നതു് ശരിയാകുമൊ?

പ്രസിഡെണ്ടു്.—പുറത്തു പോകാതെ എല്ലാവരും ഇല്ലത്തു തന്നെ യോജിച്ചു കഴിയണമെന്നാണു് ഉദ്ദേശം. ഒരാൾക്കു് ഇല്ലത്തു കഴികയില്ല, പുറമെ പോകണമെന്നു വച്ചാൽ ഒരു ഉറപ്പിക കൊടുക്കയു

LIBRARY ARCHIVES Kerala Legislative Assembly

ള്ള. ബാക്കി ഇങ്ങനെ ചിലവാക്കും. ഒന്നിച്ചു താമസിക്കുന്നവക്ഷം ഉള്ളതുകൊണ്ടു് എല്ലാവക്കും കഴിയാം എന്നല്ലെ? അല്ലാതെ ഇല്ലത്തുള്ളവർ കഷ്ടപ്പെടണമെന്നു് ആലോചനയുണ്ടൊ?

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ഇല്ലത്തു കഷ്ടതയനുഭവിക്കണമെന്നു ആലോചനയേയില്ല. റിസർവ് ഫണ്ടു വയ്ക്കണമെന്നു പറയുന്നതു കഷ്ടപ്പെടുത്തണമെന്നല്ല; ഗുണമുണ്ടാക്കണമെന്നുള്ള ആലോചനയോടു കൂടിയാണു്.

റാവുസാഹിബു് മിസ്റ്റർ ടി. വി. കുഞ്ഞിരാമങ്കയ്യർ.—ഒരാളിനു തന്നെ റിസർവ് ഫണ്ടു സാധിക്കുന്നില്ല.

മിസ്റ്റർ വി. കെ. കൊച്ചുണ്ണിമേനോൻ.—സിലക്ടു കമ്മിറ്റിയുടെ തെളിവിൽ വന്നിരിക്കുന്നതു ഇല്ലങ്ങൾ അധികവും ചിലവിനു ഇല്ലാതെ കഷ്ടപ്പെടുന്ന കൂട്ടത്തിൽ പെട്ടതെന്നാണു. കഷ്ടത അനുഭവിക്കുന്ന ഇല്ലം ധാരാളം.

മിസ്റ്റർ എൻ. പത്മനാഭമേനോൻ.—റിസർവ് ഫണ്ടു മാനേജരുടെ കയ്യിൽ തന്നെ.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—കാരണവന്റെ പക്കൽ ആകുന്നു.

മിസ്റ്റർ കെ. അച്യുതമേനോൻ.—റിസർവ് ഫണ്ടു വച്ചു കഴിഞ്ഞാൽ ആവശ്യത്തിനും എടുത്തുകൂടല്ലൊ?

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—ഈ ഭേദഗതിയേയും ഞാൻ പിൻവലിക്കുന്നു.

President.—The next amendment is No. 12.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ഫ 6 -ാം വകുപ്പിൽ ഇല്ലത്തെ ഏതൊരംഗത്തിനും കന്യകയെ വിവാഹം ചെയ്തുകൊടുക്കാമെന്നുള്ളതിൽ "ഇല്ലത്തെ ഏതൊരംഗത്തിനും" എന്നതിനെ മാറ്റി "ആ കന്യകയുടെ ഉടകപൂവ്വകത്താവിനു എന്നു" നിയമമാക്കികിട്ടുവാൻ വേണ്ടിഞാൻ ഇതിനെ ഇവിടെ ഹാജരാക്കുന്നു.

Mr. C. A. Kunjunni Raja.—I second it.

President.—Section 17 reads thus.—"If the *Karanavan* or the manager neglects to give a girl in marriage after she completes her 16th year, any other member of the *illam* may, on the expiry of three months, after the giving of a registered notice to the *Karanavan* or manager of his intention to do so, give her in marriage, and recover the expenses thereof from the *illam*. The amount so recoverable shall not exceed the individual share of the girl in the *illam* properties, if there were partition in the family, or Rs. 10,000, whichever is less".

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡെണ്ട്.—ഉദകപൂവ്വകത്താവു് ആരാണു് ?

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—അച്ഛൻ, സഹോദരന്മാർ, ഇങ്ങനെ ക്രമപ്രകാരം ആളുകൾ ഉണ്ടു്.

പ്രസിഡെണ്ട്.—കന്യകയുടെ വിവാഹം കാരണവനും നടത്തുകയില്ല. ഉദകപൂവ്വകത്താവും അതിനായി തുനിയുന്നില്ല, എന്നായാൽ ഈ അമെൻറുമെൻറു പ്രകാരം കല്യാണം നടക്കുകയില്ലല്ലൊ.

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—ഉദകപൂവ്വം എന്നു പറയുന്നതു് വിവാഹത്തിൻറെ ഒരു ചടങ്ങാണു്. അതു ചെയ്യാതെ വിവാഹം നടക്കുകയില്ല. അതിനാൽ വിവാഹം ഉണ്ടെങ്കിൽ ഉദകപൂവ്വകത്താവും ഉണ്ടാകാതെ തരമില്ല.

റാവുസാഹിബ്ബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഇല്ലത്തു ഒരു കാരണവനും നാലഞ്ചു പെൺകൊടയും ധാരാളം സ്വത്തും ഉണ്ടു്. കാരണവൻ പെൺകൊട നടത്തുന്നില്ല. അച്ഛൻ മരിച്ചുംപോയി. വേറെ പുരുഷന്മാരും ഇല്ല. അപ്പോൾ ഉദകക്രിയ നടത്താനും വിവാഹം കഴിക്കാനും തരമില്ലല്ലോ?

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—അതിനു തക്ക ആളുകൾ ഇല്ലത്തു ഇല്ലാതായാൽ മതാചാരപ്രകാരം മറെറ അടുത്ത ബന്ധുക്കൾ ആ ക്രിയ നടത്തിക്കൊള്ളും. ആ അവകാശികൾ അതു നടത്താതിരിക്കയില്ല.

Rao Sahib Mr. T. V. Kasturi Ranga Ayyar.—I have not quite understood the necessity for the amendment.

Mr. K. Sankaran Nambudiri.—The Malayalam speech gives the necessary information.

President.—The only object of the amendment is that the law should so empower all those persons who have got the right to give the girl in marriage and not to any other person. Is it not so?

Mr. K. Sankaran Nambudiri.—Yes.

മിസ്റ്റർ കെ. അച്യുതമേനോൻ.—ഈ നിയമം കൊണ്ടുവരുന്നതു് വല്ലവർക്കും കന്യകയെ പിടിച്ചു ഉദകപൂവ്വം ചെയ്യാൻ അധികാരം കൊടുക്കുക എന്നല്ല. കന്യകയെ ദാനംചെയ്യാൻ ആരാണൊ അധികാരി അയാളില്ലെങ്കിൽ വിവാഹം നടക്കുകയില്ല.

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—ക്രിയചെയ്യാനൊരുക്കമുള്ള ആളിനല്ലെ അവകാശമുള്ളൂ?

പ്രസിഡെണ്ട്.—ഞാൻ ഒരു ഉദാഹരണംകൊണ്ടു് വിശദമാക്കാം. ഒരു ഇല്ലത്തു് A. B. എന്ന രണ്ടു അനന്തിരവന്മാർ ഉണ്ടെന്നിരിക്കട്ടെ. എന്നാൽ A-ക്കു അല്ലെ ഉദകപൂവ്വം ചെയ്യുവാൻ അധികാരം? അയാൾ അതു ചെയ്യുന്നില്ല. B. നടത്താൻ ഒരുക്കവുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

അയാൾ നടത്തിയാൽ ഈ നിയമപ്രകാരം അതു കിട്ടുകയില്ലെന്നല്ലെ നിർദ്ദേശിക്കുന്നതു ?

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—B നടത്താൻ ഒരുക്കമുണ്ടെങ്കിൽ ചിലവു കഴുംബത്തിൽനിന്നും കിട്ടും.

പ്രസിഡെണ്ടു്.—കിട്ടും. കോർട്ടിൽചെന്നു് കേസുപറഞ്ഞു് വസൂൽചെയ്യേണ്ടിവരും.

മിസ്റ്റർ കെ. അച്ചുതമേനോൻ.—നിയമപ്രകാരം പ്രാബല്യമുള്ള കന്യകാദാനമാണെങ്കിലെ കോടതിയിൽ ചെന്നാലും കിട്ടുകയുള്ളു. അതിനാൽ ഞാൻ ഈ ഭേദഗതിയോടു അനുകൂലിക്കുന്നില്ല.

പ്രസിഡെണ്ടു്.—ഈ അമെൻഡുമെൻറു് ഇല്ലാതിരിക്കുന്നതാണു്നല്ലതു്. മിസ്റ്റർ ശങ്കരൻനമ്പൂതിരി ഇതിനെപ്പറ്റി ആലോചിക്കുക. മണി 2 ആയി. നമുക്കുച്ചയ്ക്കു ലഘുഭക്ഷണത്തിനായി പിരിയാം.

The House rose for lunch at 2 p. m. It assembled again at 3 p. m.

പ്രസിഡെണ്ടു്.—അമെൻഡുമെൻറിനെപ്പറ്റി ആലോചിച്ചോ മിസ്റ്റർ ശങ്കരൻനമ്പൂതിരി? Who seconds?

Mr. T. K. Krishna Menon.—Mr. C. A. Kunjunni Raja seconded it.

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—എതായാലും ഞാൻ ഇതിനെ പിൻവലിക്കുന്നില്ല. കൗൺസിലിൻറെ അഭിപ്രായപ്രകാരം ആയിക്കൊള്ളട്ടെ.

President.—I suppose no other member wishes to speak. The amendment is with reference to section 17. That section reads as follows:—'If the *Karnavan* or the manager neglects to give a girl in marriage after she completes her sixteenth year, any other member of the *illam* may, on the expiry of three months, after the giving of a registered notice to the *Karnavan* or manager of his intention to do so, give her in marriage, and recover the expenses thereof from the *illam*. The amount so recoverable shall not exceed the individual share of the girl in the *illam* properties, if there were partition in the family, or Rs. 10,000, whichever is less.'

The section as amended in accordance with the motion of Mr. Sankaran Nambudiri will read thus:—'If the *Karnavan* or the manager neglects to give a girl in marriage, after she completes her sixteenth year the person authorised to perform her '*udakapurva*' ceremony may, on the expiry of three months, after the giving of a registered notice to the *Karnavan* or manager of his intention to do so, give her in marriage, and recover the expenses thereof from the *illam*. The amount so recoverable shall not exceed the individual share of the girl in the *illam*

LIBRARY ARCHIVES Kerala Legislative Assembly

properties, if there were partition in the family, or Rs. 10,000, whichever is less.'

The amendment was put to the vote of the House and lost.

President.—The next amendment is in section 18. Substitute the words "wishes to live" for the word "lives." After the word "house" insert the words "on giving one month's previous written notice to the *Karnavan* or the manager for the time being of his or her intention to do so" and omit the word 'still'.

ഇനി ക്ല വ് -ാംവകുപ്പിലാണ് ഒരു അമെൻറുമെൻറ്.

മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—അതെ; ക്ല വ് -ാംവകുപ്പിൽ തന്നെ. ആ ഭേദഗതി ഇപ്രകാരമാകുന്നു. വേറെ എന്ന വാക്കിനു ശേഷം "താമസിക്കുവാൻ ആഗ്രഹിക്കുന്നതായാൽ കാരണവനെയോ, മാനെജരെയൊ ഒരു മാസം മുൻകൂട്ടി അറിയിക്കുന്ന" എന്നാക്കുക എന്നാകുന്നു.

ക്ല വ് -ാംവകുപ്പ് വേറെ താമസിക്കുന്നവർക്ക് ചിലവിനുകൊടുക്കണമെന്ന് നിർദ്ദേശിക്കുന്നു. വേറെപോയി താമസിക്കുന്നവർ ഒരുമിച്ചു സംഖ്യ ചോദിച്ചാൽ ബുദ്ധിമുട്ടാകും. അതിനാൽ പുറമെ താമസിക്കേണ്ടവർ ഒരുമാസം മുൻകൂട്ടി അറിയിക്കണം. അതാണ് ഈ ഭേദഗതിയുടെ ഉദ്ദേശം. കൂട്ടുകുടുംബമാകുമ്പോൾ ഒരാൾക്ക് പ്രത്യേകം ചിലവ് കൊടുത്തയക്കുന്നതു വരികയുമില്ല.

Mr. K. S. Rama Ayyar.—I second it.

